



# അക്കാദമികമാസ്റ്റർപ്ലാൻ

## 2025 - 2026



**വിദ്യാലയ ചരിത്രം**

കവടിയാർ കൊട്ടാരത്തിന്റെ സമീപപ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ശ്രീ.പട്ടം താണുപിള്ള അവർകളുടെ പേരിൽ അറിയപ്പെടുന്നതും, നൂറിലേറെ വർഷം പഴക്കമുള്ളതും ആയ ഒരു ഗവൺമെന്റ് അപ്പർപ്രൈമറി സ്കൂളാണ് SPTPM GOVT. UPS കുറവൻകോണം. 1904 ൽ എൽ.പി സ്കൂളായി സ്ഥാപിതമായ ഈ വിദ്യാലയം ഒരു കാലത്ത് ഈ നാട്ടിലെ ജനങ്ങളുടെ ആശാകേന്ദ്രമായിരുന്നു. 1964 ൽ ഈ സ്കൂൾ അപ്പർ പ്രൈമറി സ്കൂളായി മാറി. പ്രീ.പ്രൈമറി മുതൽ 7-ാം തരം വരെയുള്ള ഈ സ്കൂളിൽ പ്രഥമാധ്യാപിക ഉൾപ്പെടെ 8 അദ്ധ്യാപകരും 2 അനധ്യാപകരും പി.റ്റിഎയുടെ നേതൃത്വത്തിൽ നിയമിതയായ നഴ്സറി അധ്യാപികയും, ആയയും, ഒരു പാചകജീവനക്കാരിയും സേവനം അനുഷ്ഠിച്ചു വരുന്നു. ഏകദേശം 2001 വരെ ഇരുന്നൂറിലധികം കുട്ടികൾ പഠിച്ചിരുന്നു.

ഇംഗ്ലീഷ് വിദ്യാലയങ്ങൾക്കൊപ്പം മാതൃഭാഷാ വിദ്യാലയങ്ങളും അനുവദിക്കുക എന്ന സർക്കാർ നയപ്രകാരം 1904 ൽ കുറവൻകോണത്ത് ഒരു മാതൃഭാഷാ വിദ്യാലയം സ്ഥാപിച്ചു. 1946 ൽ ഈ വിദ്യാലയത്തെ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തുകയും ചെയ്തു. കുറവൻകോണത്തിന്റെ അഭിമാനനായകനായ ശ്രീ. പട്ടം താണുപിള്ള അവർകളുടെ സ്മരണയെ മുൻനിർത്തി 1962 ൽ ഈ സ്കൂൾ ശ്രീ. പട്ടം താണുപിള്ള സ്മാരക ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളെന്ന് നാമകരണം ചെയ്തു. 1950 മുതൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾ വിദ്യ അഭ്യസിച്ചിരുന്ന ഈ വിദ്യാലയത്തിന്റെ സംഭാവനകളാണ് കേരളത്തിന്റെ മുൻ സ്പോർട്സ് നിയമ മന്ത്രിയും സ്പീക്കറുമായിരുന്ന ശ്രീ. എം വിജയകുമാർ, പ്രശസ്ത പ്ലാസ്റ്റിക് സർജൻ പി.എ തോമസ്, ഹൃദ്രോഗ വിദഗ്ദ്ധൻ ശ്രീ. കോശി ഫിലിപ്പ് , ജം ഫൗണ്ടേഷൻ ശ്രീ. ജേക്കബ് ജോർജ്ജ് ശ്രീ. എം. വി. റാവു ഐ.എ.എസ് തുടങ്ങിയവർ. കൂടാതെ മറ്റ് നിരവധി മഹത് വ്യക്തികൾ ഈ സ്ഥാപനത്തിൽ പഠിച്ച സമൂഹത്തിന്റെ ഉന്നത ശ്രേണികളിൽ എത്തിയിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ്.

**അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ആവശ്യകത**

- 1-7 വരെയുള്ള കുട്ടികളിൽ പഠനബോധന പ്രവർത്തനങ്ങളിൽ ഓരോരുത്തരുടേയും കഴിവുകൾക്കനുസരിച്ച് വായന-ലേഖന പ്രവർത്തനങ്ങളിൽ പ്രാവീണ്യം തെളിയിക്കുക.
- ശാസ്ത്രാവബോധം വളർത്തുന്നതിനും ഇന്ന് സമൂഹത്തിൽ ശാസ്ത്രത്തിനുള്ള പങ്ക് കുട്ടികളെ ബോധവത്കരിക്കുന്നതിനും
- ചതുഷ്ക്രിയകൾ, ഗണിതത്തോടുള്ള താത്പര്യം, ഗണിതവസ്തുതകൾ, ഗണനചിന്ത എന്നിവ നിത്യജീവിതത്തിൽ ഉപയോഗപ്പെടുത്താം.
- ഭരണനഘടനയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സമൂഹത്തിൽ ഇടപഴകുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- മേൽപറഞ്ഞ ലക്ഷ്യങ്ങൾ മുൻനിർത്തി വിദ്യാലയത്തിൽ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി.
- ഓരോ കുട്ടിയേയും മനസ്സിൽ കണ്ടുകൊണ്ട് നടപ്പിലാക്കാൻ കഴിയും എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ടായിരുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും കൂട്ടിച്ചേർക്കൽ ഉൾപ്പെടുത്തി ഒരു അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ഒരു രൂപം രൂപപ്പെടുത്തി. കൂടാതെ വിദ്യാഭ്യാസരംഗത്ത് തുല്യപ്രാധാന്യം ലഭിക്കുന്നതിനു വേണ്ട അനുരൂപീകരണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| PP | 11 | 10 | 21 |
| 1 | 15 | 9 | 24 |
| 2 | 9 | 5 | 14 |
| 3 | 12 | 6 | 18 |
| 4 | 11 | 3 | 14 |
| 5 | 13 | 7 | 20 |
| 6 | 12 | 8 | 20 |
| 7 | 7 | 6 | 13 |
| Total | 90 | 54 | 144 |
| Grand Total | | | 144 |

**വിദ്യാലയനേട്ടങ്ങൾ / മികവുകൾ**

**അക്കാദമികം**

പൊതുവിദ്യാലയത്തെ സ്നേഹിക്കുന്ന ഒരു സംഘം അധ്യാപകർ, പ്രധാന അധ്യാപികയുടെ നേതൃത്വത്തിൽ ആത്മാർത്ഥമായി പ്രവർത്തിച്ചു വരുന്നു. അധ്യാപകർ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരും അക്കാദമിക പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നവരും സമീപവാസികളുമാണ് എന്നതും വിദ്യാലയ വികസന പ്രതീക്ഷക്ക് ആക്കം കൂട്ടുന്നു. വാർഷിക കലണ്ടർ, മാസകലണ്ടർ, SRG യോഗങ്ങൾ, ദിനാചരണങ്ങൾ എന്നിവ ഉൾപ്പെടുത്തി വിദ്യാലയ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ലഭ്യമായിട്ടുള്ള സാധ്യതകളെ പ്രയോജനപ്പെടുത്തി ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ മികവ് പുലർത്താൻ കഴിയുന്നു.

**ഭൗതികം**

- തിരുവനന്തപുരം ജില്ലയിൽ തന്നെ ഏറ്റവും മികച്ച ഭൗതിക സാഹചര്യങ്ങൾ ഉള്ള സ്കൂൾ ആണ് SPTPM GUPS Kuravankonam നഴ്സറിയുൾപ്പെടെ 8 ക്ലാസ്സ് റൂമുകളും ശീതികരിച്ച് Hitech Digital ക്ലാസ്സ് റൂമുകൾ ആക്കി മാറ്റിയിട്ടുണ്ട്.

- ഓരോ ക്ലാസ്സ് മുറികളും പെയിന്റ് ചെയ്ത് മനോഹരമാക്കിയിരിക്കുന്നു. കുട്ടികളുടെ ഇരിപ്പിടങ്ങൾ Writing pad chair കൊണ്ട് സജ്ജീകരിച്ചിരിക്കുന്നു.
- ശാസ്ത്രപാർക്ക് ഉൾപ്പെടെയുള്ള ശാസ്ത്ര ഉപകരണങ്ങൾ ഉള്ള ശീതീകരിച്ച Hitech lab ആണ് സ്കൂളിൽ നിലവിലുള്ളത്.
- 22 കംമ്പ്യൂട്ടറുകളും, അതിനാവശ്യമായ മേശകളും Rolling Chair ഉൾപ്പെടെ ശീതീകരിച്ച Computer lab ഉം സ്കൂളിൽ ഉണ്ട്.
- ഓരോ ക്ലാസ്സ് റൂമിലും ക്ലാസ്സ് ലൈബ്രറി സജ്ജീകരിച്ചിട്ടുണ്ട്.
- സ്കൂളിന്റെ മുറ്റം തറയോട് പാകി മനോഹരമാക്കിയിരിക്കുന്നു.
- Stars Project ന്റെ ഭാഗമായുള്ള വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.
- വർണ്ണക്കൂടാരം പദ്ധതിയുടെ ഭാഗമായി വിദ്യാലയത്തിലെ ചുമരുകളും പെയിന്റ് ചെയ്ത് വർണ്ണാഭമാക്കിയിരിക്കുന്നു.
- വർണ്ണക്കൂടാരം പദ്ധതിയുടെ ഭാഗമായി തന്നെ കുട്ടികളുടെ പാർക്ക് നവീകരണം നടന്നുവരുന്നു.
- വാട്ടർ ഫൗണ്ടെൻ ഉൾപ്പെടെ മനോഹരമായ ജൈവവൈവിധ്യപാർക്കും നിലവിലുണ്ട്.

- വൃത്തിയുള്ള അടുക്കളയും കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനുള്ള ഊട്ടുപുരയും നിലവിലുണ്ട്.
- സ്കൂളിന് സ്വന്തമായി വാഹനസൗകര്യമുണ്ട്
- സ്കൂളിൽ രണ്ട് ഓഡിറ്റോറിയങ്ങൾ ഉണ്ട്. ഒന്ന് സ്കൂളിന്റെ മുറ്റത്ത് ഓപ്പൺ ഓഡിറ്റോറിയവും രണ്ടാമത്തേത് സ്കൂൾ ബിൽഡിംഗിന് മുകളിൽ നിർമ്മിച്ചിരിക്കുന്ന ക്ലോസ്ഡ് ഓഡിറ്റേറിയവും.
- ആൺകുട്ടികൾക്ക് യൂറിനൽസും, പെൺകുട്ടികൾക്ക് ഒരു ടോയിലെറ്റും നഴ്സറി കുട്ടികൾക്ക് ഒരു ടോയിലെറ്റും എന്നിവയാണ് നിലവിലുള്ളത്.
- അധ്യാപകർക്കുള്ള സ്റ്റാഫ് റൂം, ഓഫീസ് റൂം എന്നിവ നിലവിലുണ്ട്.

**പരിമിതി**

പഞ്ചാബ് നാഷണൽ ബാങ്ക്, ലയൺസ് ക്ലബ്, ഇന്നർവീൽ ക്ലബ്, കവടിയാർ റസിഡൻസ് അസ്സോസിയേഷൻ, റോട്ടറി ക്ലബ് തുടങ്ങിയ സന്നദ്ധസംഘടനകളുടെ സാന്നിദ്ധ്യവും സഹായവും Envestment, UST, Global, Infosysis തുടങ്ങിയ കമ്പനികളുടെ സഹായവും ഭൗതികഅന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് സഹായകമായി. തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ബഞ്ചുകൾ, ഡസ്ക്കുകൾ, വൈറ്റ് ബോർഡുകൾ എന്നിവയും, ക്ലോസ്ഡ് ഓഡിറ്റോറിയം ടൈൽസ് മാറ്റി പുതിയത് ഇടുകയും ചെയ്തിട്ടുണ്ട്. ഭൗതിക സാഹചര്യത്തിൽ ഉണ്ടായ മാറ്റം സ്കൂളിലെ കുട്ടികളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടാക്കാൻ സഹായിച്ചു. 2018-2019, 2024-2025 മുതലുള്ള അധ്യയനവർഷങ്ങൾ പരിശോധിച്ചാൽ ഈ ശ്രദ്ധേയമാറ്റം നമുക്ക് ദർശിക്കാനാകും ഈ അധ്യായനവർഷവും പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ്സുവരെ ഏകദേശം മുപ്പതോളം കുട്ടികളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**വിദ്യാലയ സമീപനം**

- പാഠ്യോതര പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- ശുചിത്വം, ദയ, പ്രകൃതി സ്നേഹം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും തുല്യപങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ
- ലോകത്തെവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ച ശേഷികളും ധാരണകളും നമ്മുടെ സ്കൂളിലെ കുട്ടികളും നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

**പൊതുലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികളും അനായാസം അർത്ഥപൂർണ്ണമായി വായിക്കണം, എഴുതണം
- കുട്ടികളിൽ സാഹിത്യാഭിരുചി വളരണം
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കണം
- ആശയങ്ങൾ, വിവിധതരത്തിലുള്ള വ്യവഹാര രുപങ്ങളിലേയ്ക്ക് മാറ്റാനുള്ള കഴിവ് നേടണം
- ഇംഗ്ലീഷ് നിർഭയമായി ആശയവിനിമയം നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- സ്വതന്ത്രവായനയ്ക്കും എഴിത്തിനും സജ്ജരാക്കുക
- യു.പി തലത്തിലുള്ള മുഴുവൻ കുട്ടികളെയും ഹിന്ദി എഴുതാനും വായിക്കാനും സജ്ജരാക്കുക
- ഗണിതാശയങ്ങൾ, ചതുഷ്ക്രിയകൾ എന്നിവ എല്ലാ കുട്ടികളിലും എത്തിക്കുക
- കുട്ടികളിൽ ഗണനചിന്ത പ്രോത്സാഹിപ്പിക്കുക

- കട്ടികളിൽ യുക്തി ചിന്ത വളർത്തുക
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ പ്രാപ്തരാക്കുക
- ശാസ്ത്ര കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക
- പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധിപ്പിക്കുക
- ഓരോ കുട്ടിയിലും അന്തർലീനമായിരിക്കുന്ന ശാസ്ത്രാഭിരുചി കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും, അവതരിപ്പിക്കുന്നതിനുള്ള വേദിയൊരുക്കൽ
- ജനാധിപത്യമൂല്യങ്ങൾ കുട്ടികളിൽ ഉറപ്പിക്കുക.
- ദേശീയ ബോധം വളർത്തുക
- ഭൂഖണ്ഡങ്ങൾ, രാജ്യങ്ങൾ, സംസ്ഥാനങ്ങൾ, ജില്ലകൾ എന്നിവ തിരിച്ചറിയുക
- സ്വാതന്ത്ര്യ സമരങ്ങൾ, സമരസേനാനികൾ എന്നിവരെ തിരിച്ചറിഞ്ഞ് ആദരവും മൂല്യബോധവും വളർത്തുക
- മിതവ്യയ ശീലം വളർത്തുക
- ചരിത്രം അറിയുക
- മത്സരപരീക്ഷകൾക്ക് കുട്ടികളെ സജ്ജരാക്കൽ
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക
- കൃഷിയോട് ആഭിമുഖ്യം വളർത്തുക
- ശുചിത്വബോധം വളർത്തുക
- നേതൃത്വപാടവം വളർത്തുക
- ശരാശരി നിലവാരത്തിന് താഴെയുള്ള കുട്ടികളെ വായന ലേഖന ഗണിത പ്രവർത്തനങ്ങളിൽ മുന്നിൽ എത്തിക്കുക
- ആരോഗ്യകായികശേഷി വർദ്ധിപ്പിക്കുക
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പ്രവർനങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുക.

- കലാകായിക - ശാസ്ത്ര - ഗണിതശാസ്ത്ര പ്രവർത്തി പരിചയ മേഖലകളിൽ കുട്ടികളെ പങ്കെടുപ്പിക്കുക
- കലാ - നിർമ്മാണ പ്രവർത്തനങ്ങളിൽ കുട്ടികൾക്കുള്ള കഴിവ് കണ്ടെത്തി പരിപോഷിപ്പിക്കുക

**അവസ്ഥാ പഠനം**

**പ്രീടെസ്റ്റ്**

ജൂൺ ആദ്യവാരം തന്നെ എഴുത്ത്, വായന, ഗണിതം എന്നിവയിൽ കുട്ടിയുടെ പ്രതീക്ഷിത നിലവാര പഠനം നടത്തുന്നു. ഇതിനായി ക്ലാസ്സ് തലത്തിൽ തയ്യാറാക്കിയ ടൂൾ ഉപയോഗിക്കുന്നു.

**പ്രീടെസ്റ്റ് ഫല വിശകലനവും തുടർപ്രവർത്തനവും**

**ജൂൺ 2 – ാം വാരം SRG**

എല്ലാ ക്ലാസ്സിലെയും അധ്യാപകർ SRG യിൽ പ്രീടെസ്റ്റ് ഫലം അവതരിപ്പിക്കുന്നു. തുടർ പ്രവർത്തനം SRG യിൽ ചർച്ച ചെയ്ത് ആസൂത്രണം ചെയ്യുന്നു.

**പരിഹാരബോധന പ്രവർത്തനങ്ങൾ**

അവസ്ഥാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ പഠനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും Remedical Teaching (കരുതൽ) ലൂടെ അടിസ്ഥാന ആശയം ഉറപ്പാക്കുന്നു.

ടീച്ചിംഗ് മാന്വൽ പ്രവർത്തനങ്ങൾ പ്രവർത്തനാധിഷ്ഠിത രീതിയിൽ എല്ലാ അധ്യാപകരും തയ്യാറാക്കുന്ന പ്രതികരണ/റിഫ്ളക്ഷൻ നോട്ട് SRG യിൽ ചർച്ച ചെയ്യുന്നു. തുടർന്ന് ദൈനംദിന ക്ലാസ്സ് മുറിയിൽ ഭിന്നതല പ്രവർത്തനം നടത്തുന്നു. എന്ന് SRG യിൽ ഉറപ്പാക്കുന്നു. വ്യക്തി അധിഷ്ഠിത വർക്ക് ഷീറ്റ്, വായന സാമഗ്രികൾ

എന്നിവ ക്ലാസ്സ് തലത്തിൽ തയ്യാറാക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പഠനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു എന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. നിരന്തര മൂല്യനിർണ്ണയം നടത്തുകയും അനുയോജ്യമായ പിൻതുക ഉറപ്പാക്കുകയും ചെയ്യുന്നു.

**യൂണിറ്റ് അസസ്മെന്റ്**

ഓരോ പാഠം കഴിയുമ്പോഴും വാചികമായും എഴുത്തിലൂടെയും പ്രതീക്ഷിത പഠനനേട്ടം വിലയിരുത്തുന്നു. തുടർപ്രവർത്തനം ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

**പോർട്ട് ഫോളിയോ വിലയിരുത്തൽ**

പ്രതിമാസം എല്ലാ ക്ലാസ്സിലും നിശ്ചിത സൂചകങ്ങൾക്ക് അനുസരിച്ച് നോട്ട് ബുക്ക് പോർട്ട് ഫോളിയോ വിലയിരുത്തുന്നു.

ടേം പരീക്ഷയ്ക്ക് ശേഷം ഉത്തരപേപ്പറുകൾ വിശകലനം ചെയ്ത് തുടർപ്രവർത്തനം ആസൂത്രണം ചെയ്യുന്നു.

**മേഖല**

**അക്കാദമികം**

**ഉപമേഖല – ഭാഷ – മലയാളം**

| ലക്ഷ്യം | പ്രവർത്തനം | പ്രക്രിയ | കാലയളവ് | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| എല്ലാ കുട്ടികളും അനായാസം ആശയഗ്രഹണത്തോടെ വായിക്കുകയും എഴുതുകയും ചെയ്യുക. | വായനക്കാർഡ് | വായനക്കാർഡ് നിർമ്മാണ ശില്പശാല (രക്ഷിതാക്കൾ, കുട്ടികൾ, അധ്യാപകർ) | | | | |
| | വായനോത്സവം | സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി എന്നിവ പ്രയോജനപ്പെടുത്തുന്നു. | | | | |
| | പത്രവായനയും വിശകലനവും | അരമണിക്കൂർ പത്ര വായന, ക്വിസ്സ്, വാർത്താബോർഡ്, വാർത്താകുറിപ്പ് | എല്ലാ പ്രവർത്തി ദിവസവും | | ലയൺസ് ക്ലബ്ബ് | ക്വിസ്സ് നടത്തി വിലയിരുത്തൽ, കുറിപ്പ് വിലയിരുത്തൽ |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | അക്ഷരക്കാർഡ് നിർമ്മാണം, പദക്കൂട്ട്, വാക്യ നിർമ്മാണം, പിരമിഡ്, | 4-7 വരെ കുട്ടികളെ അക്ഷരക്കാർഡ്, പദക്കാർഡ് നിർമ്മിക്കുന്നു. 1,2 കുട്ടികൾക്ക് പ്രയോജനപ്പെടുത്തുന്നു. യു.പി കുട്ടികൾക്ക് കരുതൽ | | | | |

| | | | | | | |
|---|---|---|---|---|---|---|
| | മലയാളത്തിളക്കം കരുതൽ | | | | | |
| എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകളിൽ മികച്ച വിജയം നേടാൻ കുട്ടികളെ പ്രാപ്തരാക്കുക | എൽ.എസ്.എസ്, യു.എസ്.എസ് പരിശീലന പരിപാടി | പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി ചോദ്യങ്ങൾ നിർമ്മാണം, പഴയ ചോദ്യപേപ്പർ പരിശീലനം, ആനുകാലികം, പൊതുവിജ്ഞാനം എന്നിവ പരിചയപ്പെടുത്തൽ, ആഴ്ചയിലൊരിക്കൽ മൂല്യനിർണ്ണയം | ജൂൺ - ഫെബ്രുവരി 28 | | | |
| ഭിന്നശേഷിക്കുട്ടികളെ മുന്നിലേയ്ക്ക് എത്തിക്കുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ വിഷയത്തിനും അനുയോജ്യമായ അനുരൂപീകരണ പ്രവർത്തനങ്ങൾ നൽകുക | നിറം നൽകൽ, ചിത്രം വരയ്ക്കൽ, വാക്കുകൾ കണ്ടെത്തൽ, സംഖ്യാബോധ പ്രവർത്തനങ്ങൾ, പരീക്ഷണങ്ങളിൽ ഏർപ്പെടൽ, സംഘ പ്രവർത്തനങ്ങൾ ഏർപ്പെടൽ, മാപ്പിംഗ് | | | | |
| കുട്ടിയെ മികച്ച വായനക്കാരാക്കുക | പത്രവായന, സംഘവായന, വായന പരിശീലനം, വാർത്താക്കുറിപ്പ് തയ്യാറാക്കാൻ | എല്ലാ ദിവസവും പത്രം വായിക്കുന്നു. കുറിപ്പ് തയ്യാറാക്കുന്നു. റീഡേഴ്സ് തിയറ്റർ വായനാമത്സരം ഉച്ചാരണ ശുദ്ധിയോടെയുള്ള വായന | 1 വർഷം | ടീച്ചർ | പി.റ്റി.എ | ക്വിസ്സ് |
| മികച്ച എഴുത്തുകാരനാക്കുക | പദകേളി, വാക്യ പിരമിഡ്, വായനക്കുറിപ്പ് | പദകേളി നിർമ്മാണം, വാക്യ പിരമിഡ് നിർമ്മാണം, ആസ്ഥാന കുറിപ്പ് പാഠഭാഗവുമായി ബന്ധപ്പെട്ടും ദിനാചരവുമായി ബന്ധപ്പെട്ടും | വർഷം മുഴുവൻ | ക്ലാസ്സ് മലയാളം ഭാഷ | പി.റ്റി.എ | |

| | | | | | | |
|---|---|---|---|---|---|---|
| | പതിപ്പ് തയ്യാറാക്കൽ | പതിപ്പ് തയ്യാറാക്കൽ | | ക്ലാസ്സ് ടീച്ചേഴ്സ് | | |
| | ചുമർപത്രിക | ദിനാചരണം, സ്കൂൾ പഠനം എന്നിവയുമായി ബന്ധപ്പെട്ട് | | | | |
| | യാത്രാവിവരണം | പഠനയാത്ര, ഫീൽഡ് ട്രിപ്പ് എന്നിവയുടെ വിവരണം തയ്യാറാക്കൽ | വർഷത്തിലൊരിക്കൽ രണ്ട് പ്രാവശ്യം | | | |
| | സ്കൂൾ മാഗസിൻ, സ്കൂൾ പത്രം | സ്കൂളിലെ പ്രധാന പ്രവർത്തനങ്ങളെ കുട്ടികളുടെ ഭാഷയിൽ എഴുതി പത്രം തയ്യാറാക്കുന്നു. | 3 മാസം കൂടുമ്പോൾ | മലയാളം ഭാഷാ അദ്ധ്യാപകർ | പി.റ്റി.എ | |
| | സചിത്ര നോട്ട് ബുക്ക്, സംയുക്ത ഡയറി | 1,2ക്ലാസ്സിലെ കുട്ടികളെ ഉൾപ്പെടുത്തി | 1 വർഷം | ക്ലാസ്സ് ടീച്ചേർസ് | പി.റ്റി.എ | |
| | ലൈബ്രറി ശാക്തീകരണം | ക്ലാസ്സ് ലൈബ്രറിയും സ്കൂൾ ലൈബ്രറിയും ക്രമീകരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക. | പുസ്തകം ക്രമീകരിക്കൽ, പുസ്തകം തരം തിരിക്കൽ, പേര് ഒട്ടിക്കൽ ജന്മദിനം പുസ്തക വിതരണം, | 3 മാസം | എല്ലാ അദ്ധ്യാപകരും | പി.റ്റി.എ സന്നദ്ധ സംഘടന |

| | | | | | | |
|---|---|---|---|---|---|---|
| | | | പുസ്തകതൊട്ടിൽ, പുസ്തക സമാഹരണം സ്കൂൾ ലൈബ്രറി നവീകരിക്കൽ സാഹിത്യകാരന്മാരുമായുള്ള അഭിമുഖം. | | | |
| പ്രതിഭാഭോഷണ പരിപാടികൾ | ക്ലബ് പ്രവർത്തനം | • കഥാരചന<br>• കവിതാരചന<br>• പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം<br>• കവിതാലാപനം<br>• കുട്ടികളുടെ ആകാശവാണി<br>• സംഘകഥ രൂപപ്പെടുത്തൽ<br>• സംഘകവിത രൂപപ്പെടുത്തൽ<br>• ചിത്രരചന പോസ്റ്റർ | 1 വർഷം | അദ്ധ്യാപകർ | പിറ്റി.എ | |
| കുട്ടികളിലെ പൊതുവിജ്ഞാനം അന്വേഷണ ഉത്സുകതയും വർദ്ധിപ്പിക്കുന്നത് | അറിവിടം | • എല്ലാ ആഴ്ചയിലും ചോദ്യങ്ങൾ നൽകുന്നു.കുട്ടികൾ ഉത്തരങ്ങൾ അന്വേഷിച്ച് കണ്ടെത്തുന്നു. എല്ലാ മാസവും ക്വിസ്സ് മത്സരം നടത്തുന്നു | 1 വർഷം | അദ്ധ്യാപകർ | പി.റ്റി.എ | എല്ലാ മാസവും ക്വിസ്സ് മത്സരം |

## ഇംഗ്ലീഷ്

- ഇംഗ്ലീഷ് നിർഭയമായി ആശയവിനിമയം നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക
- ഇംഗ്ലീഷ് ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക,
- സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- മുഴുവൻ കുട്ടികളെയും ഇംഗ്ലീഷ് കമ്പ്യൂട്ടിങ് പരിശീലിപ്പിക്കുക
- Arrange a class library
- Include simple books at the first stage of their reading
- Include a bridge versions of world classic for their first hand reading
- Strengthen English club activities
- Make arrangements to show English films at least once in a month with subtitle
- Give oppertunities to express their ideas in English
- Radio club
- English drama club
- Extempore (a speech delivered without any preparation)

**മേഖല**

# UP ENGLISH

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായ ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | • ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്കു അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അദ്ധ്യാപകർ | |
| | • ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അദ്ധ്യാപകർ | |
| | • വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാകുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഭാവനാത്മക വായന പരിശീലിപ്പിക്കുന്നു | • ആശയം നൽകി ഇംഗ്ലീഷിൽ അകാദിനയത്തിന് പ്രോത്സാഹനം നൽകുന്നു | ഒക്ടോബർ | ഇംഗ്ലീഷ് അദ്ധ്യാപകർ | |
| | • വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേയ്ക്ക്) | ജൂലൈ | ഇംഗ്ലീഷ് അദ്ധ്യാപകർ | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | • ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നല്കുന്നു. ഇംഗ്ലീഷ് മാസികകൾ വായിക്കുവാൻ അവസരം നൽകുന്നു. | മാസം തോറും | ഇംഗ്ലീഷ് അദ്ധ്യാപകർ | |
| | • സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ്സ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അദ്ധ്യാപകർ | |
| | • ക്ലാസ്സിനെ ഗ്രൂപ്പുകളാക്കുന്നു. എഴുതി പ്രദർശിപ്പിച്ച വാക്കുകൾ | ഫെബ്രുവരി | ഇംഗ്ലീഷ് അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ഒരു പ്രാവശ്യം വായിച്ചതിനുശേഷ മറ്റൊരു പേപ്പറിലേയ്ക്ക് തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | | | |
| | • കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അദ്ധ്യാപകർ | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | • ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളേയും സമൂഹത്തിലെ മറ്റ് വ്യക്തികളേയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസ്സിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ടു വരാൻ അവസരം ഒരുക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അദ്ധ്യാപകർ, പി.ടി.എ അംഗങ്ങൾ, രക്ഷിതാക്കൾ | |

**ഹിന്ദി**

- യു.പി തലത്തിലെ മുഴുവൻ കുട്ടികളും ഹിന്ദി വായിക്കുക
- ഹിന്ദി എഴുതുക
- ഹിന്ദി ആസ്വദിക്കുക
- ഹിന്ദി അസംബ്ലി
- ഹിന്ദി മത്സരങ്ങൾ
- ദിനാചരണങ്ങൾ
- ഹിന്ദി ക്ലബ്ബ്
- വിവരസാങ്കേതിക വിദ്യ
- ഹിന്ദി ഫെസ്റ്റ്

**പ്രവർത്തനങ്ങൾ**

- ലൈബ്രറി ഒരുക്കൽ
- വായനാകാർഡുകൾ തയ്യാറാക്കൽ
- ബാലഗീതങ്ങൾ
- കോപി ബുക്ക്
- പ്രദർശന സാമഗ്രികൾ
- വർക്ക് ബുക്ക്
- അവതരണത്തിന് അവസരം ഒരുക്കൽ
- ഹിന്ദി അസംബ്ലി ആഴ്ചയിലൊരിക്കൽ
- ഹിന്ദി മത്സരങ്ങൾക്ക് അവസരമൊരുക്കൽ
- ദിനാചരണങ്ങൾ സംഘടിപ്പിക്കുക
- ക്ലബ്ബ് പ്രവർത്തനങ്ങൾ വിപുലീകരിക്കുക
- ഹിന്ദി പഠനത്തിന് വിവതസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക
- ഹിന്ദി ഫെസ്റ്റ് നടത്തുക

| ലക്ഷ്യം | പ്രവർത്തനം | പ്രക്രിയ | കാലയളവ് | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
| --- | --- | --- | --- | --- | --- | --- |
| രാഷ്ട്ര ഭാഷയുടെ പ്രാധാന്യം മനസ്സിലാക്കി ഭാഷാ കൈകാര്യം ചെയ്യുന്നതിനുള്ള പ്രാധാന്യം നേടുശി | ഹിന്ദി കെ സാത്ത് ചലേം | • ലൈബ്രറി വിപുലീകരണം<br>• ഹിന്ദി പുസ്തക സമാഹരണം<br>• വർണചിത്രങ്ങളടങ്ങിയ ചെറുപുസ്തകങ്ങൾ<br>• ഹിന്ദി കഥാബുക്കുകൾ<br>• ചിത്രകഥകൾ<br>• ബാലമാസികകൾ<br>• വായനകാർഡ് തയ്യാറാക്കൽ<br>• പഴങ്ങൾ, പച്ചക്കറികൾ,പക്ഷികൾ,മൃഗങ്ങൾ, വൃക്ഷങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും അടങ്ങിയ വായനകാർഡ്.<br>• രാഷ്ട്രനേതാക്കൾ, ഹിന്ദി സാഹിത്യകാരന്മാർ എന്നിവരുടെ ചിത്രങ്ങളും പേരുകളും അടങ്ങിയ വായനാ കാർഡ്<br>• ഹിന്ദി ബാലഗീതങ്ങൾ<br>• ദേശീയഗാനം, പ്രതിജ്ഞ, ഹിന്ദി അക്കങ്ങൾ, മാസങ്ങൾ<br>• കവിതകൾ<br>• ലഘു പ്രസംഗങ്ങൾ | 3 മാസം | അദ്ധ്യാപകർ | പി.റ്റി.എ | എച്ച്.എം |

| | | | | | | |
|---|---|---|---|---|---|---|
| ഹിന്ദിഭാഷാ അനായാസമായി എഴുതുവാനുള്ള ശേഷി നേടുക | ചലോം ലിഖേം | • കോപ്പി ബുക്ക്<br>• ബാലഗീതങ്ങൾ എഴുതുക<br>• ചുമർ പത്രിക<br>• ക്ലാസ്സ് മാസികകൾ<br>• വർക്ക് ബുക്ക് | 3 മാസം | അദ്ധ്യാപകർ | പി.റ്റി.എ, ക്ലബ്ബ് | സ്വയം വിലയിരുത്തൽ |
| ഹിന്ദിഭാഷാ വ്യവഹാരരൂപങ്ങൾ ആസ്വദിക്കുകയും സ്വന്തമായി എഴുതി അവതരിപ്പിക്കുകയും ചെയ്യുക | ഹിന്ദി<br>കി മസാ-ലേം | • റേഡിയോ കേൾക്കാൻ അവസരം<br>• പാട്ടുകൾ കേൾക്കാൻ അവസരം<br>• അവതരണ പരിപാടികൾ സംഘടിപ്പിക്കും | ഒരു വർഷം | അദ്ധ്യാപകർ | ലയൺസ് ക്ലബ്ബ് | സ്വയം വിലയിരുത്തൽ |
| | | • ഹിന്ദി അസംബ്ലി<br>• പ്രാർത്ഥന<br>• പ്രതിജ്ഞ<br>• വാർത്താപാരായണം<br>• ജന്മദിനാശംസഗീതം | ആഴ്ചയിലൊരിക്കൽ | അദ്ധ്യാപകർ | | സ്വയംവിലയിരുത്തൽ |
| | | • കഥാപൂരണം<br>• കവിതാരചന<br>• പ്രസംഗം<br>• കവിതാപാരായണം<br>• പ്രോത്സാഹന സമ്മാനം | മാസത്തിലൊരിക്കൽ | അദ്ധ്യാപകർ | പി.റ്റി.എ | സ്വയം വിലയിരുത്തൽ |

| | | | | | | |
|---|---|---|---|---|---|---|
| | | • ഹിന്ദി ദിനാചരണം<br>• പരിസ്ഥിതി ദിനം<br>• വിലയിരുത്തൽ<br>• ശിശുദിനം തുടങ്ങി പ്രധാന ദിനാചരണങ്ങൾ<br>• പോസ്റ്റർ രചന<br>• നോട്ടീസ് തയ്യാറാക്കൽ<br>• ദിനാചരണവുമായി ബന്ധപ്പെട്ട മത്സരണങ്ങൾ | വർഷത്തി ലൊരിക്കൽ | എച്ച്. എം | | സ്വയം വിലയിരുത്തൽ |
| | | • ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ വിപുലീകരിക്കും<br>• പ്രസിഡന്റ്, സെക്രട്ടറി, അംഗങ്ങൾ എന്നിങ്ങനെ തിരഞ്ഞെടുക്കും. | 3 മാസം | അദ്ധ്യാപകർ | പി.റ്റി.എ | സ്വയം വിലയിരുത്തൽ |
| | | • ഹിന്ദിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വിവരസാങ്കേതികവിദ്യ വിനിയോഗിക്കും<br>• ഓഡിയോ<br>• വീഡിയോ<br>• കമ്പ്യൂട്ടിങ് | വർഷത്തിലുട നീളം | അദ്ധ്യാപകർ | പി.റ്റി.എ | സ്വയം വിലയിരുത്തൽ |
| | | • ഹിന്ദി ദിനത്തിനോടനുബന്ധിച്ച് ഫെസ്റ്റ് | വർഷത്തിലൊ രിക്കൽ | അദ്ധ്യാപകർ | പി.റ്റി.എ | സ്വയം വിലയിരുത്തൽ |

**സയൻസ്**

**ലക്ഷ്യങ്ങൾ**

- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുക
- പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തൽ
- ശാസ്ത്രീയരീതി സ്വായത്തമാക്കലും പ്രയോഗിക്കലും
- ശാസ്ത്രവീക്ഷണം രൂപീകരിക്കുക
- പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധിപ്പിക്കുക

**പ്രവർത്തനങ്ങൾ**

- സയൻസ് ലാബ് മെച്ചപ്പെടുത്തൽ
- സയൻസ് ക്ലബ്ബിന്റെ പ്രവർത്തനം സജീവമാക്കൽ
- എല്ലാ ദിവസവും ഒരു പരീക്ഷണം പരിചയപ്പെടൽ
- സയൻസ് ലാബ് മെച്ചപ്പെടുത്തൽ
- സയൻസ് ക്ലബ്ബിന്റെ പ്രവർത്തനം സജീവമാക്കൽ
- എല്ലാ ദിവസവും ഒരു പരീക്ഷണം പരിചയപ്പെടൽ
- വീട്ടിലൊരു പരീക്ഷണത്തിന് അവസരമൊരുക്കൽ
- കുട്ടികൾ കണ്ടെത്തിയ പരീക്ഷണങ്ങൾ അവതരിപ്പിക്കാനുള്ള വേദിയൊരുക്കൽ
- അന്വേഷണാത്മക ശാസ്ത്ര പ്രോജക്ടുകൾ
- സയൻസിലെ നൂതനാശങ്ങൾ പരിചയപ്പെടൽ
- പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ പ്രാപ്തരാക്കുക
- ഔഷധ സസ്യപ്രദർശനം
- ശലഭപാർക്ക്, പക്ഷികൾക്ക് വിരിന്നൊരുക്കൽ ഫലവൃക്ഷ തൈകൾ നടുന്നു.

| **ലക്ഷ്യം** | **പ്രവർത്തനം** | **പ്രക്രിയ** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** | **വിലയിരുത്തൽ** |
|---|---|---|---|---|---|---|
| ശാസ്ത്ര പാർക്ക് പരിചയപ്പെടൽ | സയൻസ് ലാബ് മെച്ചപ്പെടുത്തൽ | • ഉപകരണങ്ങളുടെ തരംതിരിക്കൽ<br>• ലേബൽ ചെയ്യൽ<br>• ഉപകരണങ്ങൾ പരിചയപ്പെടുത്തൽ<br>• മാറ്റി ക്രമീകരിക്കൽ<br>• ക്ലാസ്സിലൊരു സയൻസ് ലാബ് | ഒരു മാസം (ഹ്രസ്വകാലം) | അദ്ധ്യാപകർ | പി.റ്റി.എ | സ്വയം വിലയിരുത്തൽ |
| കുട്ടികളിൽ ശാസ്ത്രബോധം വളർത്തൽ | സയൻസ് ക്ലബ്ബിന്റെ പ്രവർത്തനം സജീവമാക്കൽ | • വ്യക്തിശുചിത്വ ക്ലാസ്സുകൾ സംഘടിപ്പിക്കൽ<br>• ശുചിത്വ പ്രോജക്ട്<br>• ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ<br>• ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ<br>• ന്യൂനത ആശയങ്ങൾ പരിചയപ്പെടുത്തൽ<br>• ദിനാചരണങ്ങൾ<br>• ക്വിസ്സ് മത്സരങ്ങൾ<br>• ഓപ്പൺ ക്വിസ്സ് | 6 മാസം | | പി.റ്റി.എ | എച്ച്.എം |

| | | | | | | |
|---|---|---|---|---|---|---|
| | | • ബോധവൽക്കരണ പോസ്റ്ററുകൾ<br>• പ്ലക്ക് കാർഡ് നിർമ്മാണം<br>• ക്യാമ്പസിലെ മരങ്ങൾക്ക് പേര് നൽകൽ<br>• ഒരു ക്ലാസിനൊരു പൂന്തോട്ടം | | | | |
| ശാസ്ത്ര പരീക്ഷണങ്ങളോടുള്ള താൽപര്യം വർദ്ധിപ്പിക്കുക | എല്ലാ ദിവസവും ഒരു പരിക്ഷണം പരിചയപ്പെടൽ | • അസംബ്ലിയിൽ ഒരു പരീക്ഷണം ക്ലാസ്സ് തല പരീക്ഷണം<br>• വീട്ടിലൊരു പരീക്ഷണം<br>• ഐ.സി.റ്റി ഉപയോഗിച്ച് പുതിയ പരീക്ഷണങ്ങൾ പരിചയപ്പെടൽ<br>• പരീക്ഷണങ്ങൾ കണ്ടെത്തൽ<br>• പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>• പരീക്ഷണപതിപ്പ്<br>• ക്ലാസ്സ് തലം, സ്കൂൾ തലം പതിപ്പ് | 3 മാസം | അദ്ധ്യാപകർ | പി.റ്റി.എ | ഗ്വയം വിലയിരുത്തൽ |
| ഓരോ കുട്ടിയേയും ശാസ്ത്രജ്ഞരായി | ശാസ്ത്രവേദി ഒരുക്കൽ | കുട്ടികൾ കണ്ടെത്തിയ പരീക്ഷണങ്ങൾ | 1 മാസം | | പി.റ്റി.എ | സ്വയം വിലയിരുത്തൽ |

| | | | | | | |
|---|---|---|---|---|---|---|
| വളർത്തുക | | സയൻസ് സ്കിറ്റ്<br>പഠനോപകരണ പ്രദർശനം<br>പ്രോജക്ടുകളുടെ<br>അവതരണവും പ്രദർശനവും<br>സയൻസ് ചാർട്ടുകൾ<br>പുതിയ പരീക്ഷണങ്ങളുടെ<br>പ്രദർശനം | | | | |
| അന്വേഷണാത്മക<br>പ്രോജക്ടിലൂടെ<br>സാമൂഹിക പുരോഗതി<br>കൈവരിക്കുക | അന്വേഷണാത്മക<br>പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വിവിധ<br>ഘട്ടങ്ങൾ പരിചയപ്പെടൽ<br>വ്യക്തിഗത പ്രോജക്ടുകൾ<br>സംഘ പ്രോജക്ടുകൾ<br>പ്രോജക്ടുകൾ<br>സമൂഹനന്മയ്ക്കായ് | 6<br>മാസത്തിലൊരി<br>ക്കൽ | അദ്ധ്യാപകർ | പി.റ്റി.എ | സ്വയം<br>വിലയിരുത്തൽ |
| സയൻസിലെ<br>നൂതനാശയങ്ങൾ<br>പരിചയപ്പെടൽ | സയൻസ് ക്ലബ്ബ്<br>പ്രവർത്തനങ്ങൾ | അസംബ്ലിയിൽ<br>ജനനൂതനാശയങ്ങൾ<br>പരിചയപ്പെടൽ<br>സയൻസ് ക്ലബ്ബിലൂടെ<br>നൂതനാശയങ്ങൾ പരിചയപ്പെടൽ<br>വിസ്മയചുമർ<br>നോട്ടീസ് ബോർഡ്<br>നൂതനാശയങ്ങൾ കണ്ടെത്തി<br>വരുന്നവർക്ക് പ്രോത്സാഹന<br>സമ്മാനം<br>ഓപ്പൺ ക്വിസ്<br>ചുമർ പ്രതിക | 6<br>മാസത്തിലൊരി<br>ക്കൽ | | പി.റ്റ.എ | സ്വയം<br>വിലയിരുത്തൽ |
| പ്രകൃതിയുമായി | കുട്ടിയും പ്രകൃതിയും | | | അദ്ധ്യാപകർ | പിറ്റിഎ | സ്വയം |

| | | | | | | |
|---|---|---|---|---|---|---|
| ഇണങ്ങി ജീവിക്കാൻ പ്രാപ്തരാക്കുക | | | | | എച്ച്.എം | വിലയിരുത്തൽ |
| | | • വിദ്യാലയം ഹരിതാഭം ആക്കുക<br>• മരങ്ങളെയും ചെടികളെയും തിരിച്ചറിയുക<br>• സംരക്ഷിക്കുക<br>• പ്ലാസ്റ്റിക് ഉപേക്ഷിക്കുക<br>• ജൈവകൃഷി<br>• വിഷരഹിത പച്ചക്കറികൾ ഉപയോഗിക്കാൻ ശീലിക്കുക<br>• പഠനയാത്ര സംഘടിപ്പിക്കുക<br>• ജൈവ സമ്പത്തുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള സെമിനാറുകൾ, പ്രോജക്ടുകൾ, ശില്പശാലകൾ, ക്ലാസ്സുകൾ<br>• ജൈവജീവനം ഡോക്യുമെന്ററി പ്രദർശനം | വർഷം മുഴുവൻ | | പി.റ്റി.എ | സ്വയം വിലയിരുത്തൽ |

| | | | | | | |
|---|---|---|---|---|---|---|
| ഔഷധസസ്യങ്ങൾ തിരിച്ചറിയുന്നതിനും പ്രാധാന്യം മനസ്സിലാക്കി സംരക്ഷിക്കുന്നതിനും | ഔഷധ സസ്യത്തോട്ട നിർമ്മാണം | • ഔഷധ സസ്യ ശേഖരണം<br>• ലേബൽ ചെയ്യൽ<br>• ഉപയോഗം കണ്ടെത്തൽ<br>• ഹെർബേറിയം<br>• ചിത്രശേഖരണം<br>• പതിപ്പ് തയ്യാറാക്കൽ<br>• കുറിപ്പ് തയ്യാറാക്കൽ<br>• പ്രോജക്ട് | വർഷം മുഴുവൻ | അദ്ധ്യാപകർ | പി.റ്റി.എ | സ്വയം വിലയിരുത്തൽ |
| ശലഭങ്ങളെ തിരിച്ചറിയുന്നതിനും സംരക്ഷിക്കുന്നതിനും | ശലഭ പാർക്ക് | • ശലഭങ്ങൾ കൂടൊരുക്കൽ<br>• യോഗ്യമായ ചെടികൾ കണ്ടെത്തി നടൽ<br>• രൂപാന്തരണത്തിന്റെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കൽ<br>• ശലഭ നിരീക്ഷണം<br>• ജൈവ വൈവിധ്യ രജിസ്റ്റർ<br>• ഉദ്യാനം നിർമ്മിക്കൽ<br>• നിരീക്ഷണം | വർഷത്തിലുടനീളം | അദ്ധ്യാപകർ | പിറ്റിഎ | സ്വയം വിലയിരുത്തൽ |
| ശാസ്ത്ര ബോധം വളർത്തുക | പ്രതിഭാപോഷണ പരിപാടി | • ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന | അവധി ദിവസങ്ങൾ | SRG | പിറ്റിഎ | |

| | | | | | | |
|---|---|---|---|---|---|---|
| | പ്രതിഭകൾക്ക് വിദഗ്ദ പരിശീലനവും ക്ലാസ്സുകളും നൽകൽ | കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | | | | |
| | ശാസ്ത്ര യാത്രകൾ | • പാഠപുസ്തകവുമായി ബന്ധപ്പെട്ട പ്രദേശങ്ങൾ ശാസ്ത്ര പ്രദർശനങ്ങൾ മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | വർഷത്തിൽ തന്നെ 2 തവണ | സയൻസ് ക്ലബ്ബ് | Lions Club Inner Wheel | |
| Helping Hand | 7-ാം ക്ലാസ്സിലെ പാഠപുസ്തകവുമായി ബന്ധപ്പെട്ട പഠനലക്ഷ്യങ്ങൾ കൈവരിക്കൽ | • Budding<br>• Grafting<br>• Layering | ജൂൺ - ആഗസ്റ്റ് | ക്ലാസ്സ് തലം | | URC തലം |

# സോഷ്യൽ സയൻസ്

## ലക്ഷ്യങ്ങൾ

- ജനാധിപത്യ മൂല്യങ്ങൾ കുട്ടികളിൽ ഉറപ്പിക്കുക
- ദേശീയബോധം വളർത്തുക
- ഭൂഖണ്ഡങ്ങൾ രാജ്യങ്ങൾ, സംസ്ഥാനങ്ങൾ ജില്ലകൾ എന്നിവ തിരിച്ചറിയുക
- സ്വാതന്ത്ര്യ സമരങ്ങൾ, സമരസേനാനികൾ ഇവരെ തിരിച്ചറിഞ്ഞ് ആദരവും മൂല്യബോധവും വളർത്തുക.
- സാമൂഹ്യശാസ്ത്രപരമായ അടിസ്ഥാന വിവരങ്ങൾ ഉറപ്പിക്കൽ
- ചരിത്രം അറിയുക

## പ്രവർത്തനങ്ങൾ

- സമ്പാദ്യശീലം വളർത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ
- വരവ് അനുസരിച്ച് ചിലവ് ചെയ്യുന്നതിന് വേണ്ടി ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള പരിശീലനം.
- നൂതന ആശയങ്ങൾ മേഖലകൾ എന്നിവ പരിചയപ്പെടുത്തുക
- സ്കൂൾ, പാർലമെന്റ് സാമൂഹ്യശാസ്ത്ര ക്ലബ്, ദിനാചരണങ്ങൾ
- സ്വാതന്ത്ര്യ സമരസേനാനികൾ മുതിർന്ന പൗരന്മാർ എന്നിവരെ ആദരിക്കൽ ആശയങ്ങൾ പങ്കുവയ്ക്കൽ

| പ്രവർത്തനം | ലക്ഷ്യം | പ്രക്രിയ | കാലയളവ് | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | ഇലക്ഷൻ | • പ്രകടന പത്രിക<br>• പ്രചാരണം<br>• മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർല മെന്റ് രൂപീകരിക്കൽ<br>• ഇതിന്റെ നേതൃത്വത്തിൽ ഇടംവേളകളിൽ മോക്ക് 0 പാർലമെന്റ് സംഘടിപ്പിക്കൽ | ഒരു മാസം | S.R.G | PTA | സ്വയം വിലയിരു ത്തൽ |
| സാമൂഹ്യ ശാസ്ത്ര പഠ നത്തോടുള്ള ആഭി മുഖ്യം വളർത്തൽ | സാമൂഹ്യ ശാസ്ത്രത്തിന്റെ ഭൂമികയിലേക്ക് പ്രവേശിക്കൽ | • അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്ത കങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസ്ത്ര വായന കോർണർ ഒരുക്കൽ | എല്ലാ മാസവും | S.R.G | PTA | സ്വയം വിലയിരു ത്തൽ |
| | സാമൂഹ്യ ശാസ്ത്ര അറി വുകളുടെ അപ്ഡേറ്റ് ചെയ്യൽ | • വിദ്യാലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളിൻ സ്ഥാപിക്കുകയും എല്ലാ ദിവ സവും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കു കയും ചെയ്യൽ | തുടർ പ്രവർത്തനം | S.R.G | PTA | സ്വയം വിലയിരു ത്തൽ |
| | പ്രാദേശിക വിഭവഭൂപട നിർമ്മാണം | • സാമൂഹ്യ ശാസ്ത്ര പഠന പരിപോഷണത്തി നനിവാര്യമായ വ്യക്തികൾ സ്ഥാപനങ്ങൾ സ്ഥലങ്ങൾ എന്നി കണ്ടെത്തി പ്രാദേശിക വിഭവ ഭൂപടം നിർമ്മിക്കുക. | 3 മാസം | HM | PTA | സ്വയം വിലയിരു ത്തൽ |
| | സാമൂഹ്യ ശാസ്ത്ര ക്ലബ് | • അറ്റ്ലസ് നിർമ്മാണം<br>• ചരിത്ര വ്യക്തികളെ പരിചയപ്പെടൽ | ആഴ്ചയി ലൊരിക്കൽ | S.R.G PTA | PTA | സ്വയം വിലയിരു ത്തൽ |

| | | | | | | |
|---|---|---|---|---|---|---|
| | | • ആൽബം തയ്യാറാക്കൽ<br>• പതിപ്പ് തയ്യാറാക്കൽ<br>• ചരിത്ര അറിവുകൾ പങ്കിടൽ<br>• ചരിത്ര ക്വിസ്സ് ദിനാചാരണങ്ങൾ<br>• പാർട്ട് തയ്യാറാക്കൽ<br>• പഠന സാമഗ്രികളുടെ നിർമ്മാണം<br>• പഠനയാത്രകൾ | | | | |
| **കലാപഠനം** | | | | | | |
| കലകളോടുള്ള ആഭിമുഖ്യം വളർത്തൽ | കലാവാസനകൾക്ക് പരിപോഷണം | • നൃത്തം, ചെണ്ട, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാകേളി എന്ന പേരിൽ പരിശീലന ക്ലാസ്സ് ആരംഭിക്കണം | അവധി ദിനങ്ങൾ | | | PTA |
| ചരിത്രരചനയിൽ പ്രാവണ്യം നേടൽ | | • മധ്യവേനൽ അവധിക്കാലത്ത് 5 ദിവസം നീണ്ടു നിൽക്കന്ന ചിത്രരചനാ പരിശീലനം | | | | PTA |
| **കായിക പരിശീലനം** | | | | | | |
| കുട്ടികളിലെ ആരോഗ്യപരമായും ശേഷി വികസിപ്പിക്കൽ | കായിക പരിശീലനം കാര്യക്ഷമമാക്കാൻ | • എല്ലാ ദിവസവും അസംബ്ലിയിൽ ഏറോബിക്സ് പരിശീലനം | എല്ലാ ദിവസവും | | | |
| | | • കായികാധ്യാപകന്റെ നതൃത്വത്തിലുള്ള വിവിധ കായിക മത്സരങ്ങളിൽ പരിശീലനം നേടൽ | 2 ദിവസം | അധ്യാപകൻ | | |
| | കായിക താരങ്ങൾക്ക് സമ്മാനം നൽകി ആദരിക്കൽ | • സ്കൂൾ തലം ഉപജില്ലാതലം ജില്ലാതലം സംസ്ഥാനതലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകും | വർഷത്തിൽ ഒരിക്കൽ | കായികാധ്യാപകൻ, HM | പൂർവ്വ വിദ്യാർത്ഥി സംഘടന | PTA |

| | | | | | | |
|---|---|---|---|---|---|---|
| പ്രവൃത്തി പരിചയപഠനം | | | | | | |
| സ്വയം തൊഴിൽ നൈപുണി വളർത്തൽ | ക്രാഫ്റ്റ് പരിശീലനം | • വിവിധതരം പാഴ്വസ്തുക്കൾ ഉപയോഗിച്ച് ക്രാഫ്റ്റ് പരിശീലനം<br>• വിവിധയിനം പൂക്കൾ നിർമ്മാണം<br>• എംബ്രോഡറി | ആഴ്ച്ചയിൽ രണ്ട് ദിവസം | Craft | SSA HM | സ്വയം വിലയിരുത്തൽ |
| | രക്ഷകർത്താക്കൾക്ക് അവധിക്കാല പരിശീലനം | • അവധിക്കാലത്ത് രക്ഷകർത്താക്കൾക്ക് 5 ദിവസം നീണ്ടു നിൽക്കുന്ന അഗർബത്തി നിർമ്മാണം<br>• കുട നിർമ്മാണം ക്യാരിബാഗുകൾ നിർമ്മാണം<br>• Embroidery Stuffed Toys | മധ്യവേനൽ അവധി | SRG | സന്നദ്ധ സംഘടനകൾ, രക്ഷകർത്താക്കൾ | സ്വയം വിലയിരുത്തൽ |
| ക്ലാസ്സ് പി.റ്റി.എ സജീവമാക്കൽ | | | | | | |
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.റ്റി.എ | • ക്ലാസ്സ് പി.റ്റി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം<br>• പൊതുചർച്ച | പ്രതിമാസം | ക്ലാസ്സ് ടീച്ചർ | | HM |
| പോഷകാഹാര പരിപാടി | | | | | | |
| കുട്ടികളിലെ ആരോഗ്യ മാനസിക വികാസം സാദ്ധ്യമാക്കൽ | പോഷക സമൃദ്ധമായ പ്രഭാത ഭക്ഷണവും ഉച്ച ഭക്ഷണവും ഉറപ്പാക്കൽ | • ആഴ്ച്ചയിൽ ഓരോ ദിവസവും പോഷക ശരീരം സമൃദ്ധമായ പ്രഭാതം ഭക്ഷണവും നൽകൽ | എല്ലാ പ്രവർത്തി ദിനങ്ങളിലും | HM PTA | Corporation CSR | HM PTA, SMC |
| | | • വർഷത്തിൽ ഒരിക്കൽ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും സമഗ്രമായ സൗജന്യ വൈദ്യപരിശോധന ക്യാമ്പ് സംഘടിപ്പിക്കൽ | നവംബർ 14 | HM PTA | Lions Club | സ്വയം വിലയിരുത്തൽ |

| | | | | | | |
|---|---|---|---|---|---|---|
| യോഗക്ലാസ്സ് | | | | | | |
| | യോഗക്ലാസ്സ് | • രക്ഷകർത്താക്കൾക്കും കുട്ടികൾക്കും യോഗപരിശീലനം | ഓണാവധി 3, ക്രിസ്തുമസ് 3, വേനൽ 3 | കായികാധ്യാപക, പി.റ്റി.എ, എച്ച് എം | | സ്വയം വിലയിരുത്തൽ |
| പച്ചക്കറിത്തോട്ടം | | | | | | |
| കാർഷിക സംസ്കൃതിയെ പ്രോത്സാഹിപ്പിക്കൽ | | • വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കൽ | വർഷത്തിൽ ഒരിക്കൽ | SRG PTA | കൃഷിഭവൻ | സ്വയം വിലയിരുത്തൽ |
| ഹരിതസേന | | | | | | |
| കൃഷിയോടുള്ള താത്പര്യം വളർത്തുക | | • സ്കൂളും പരിസരവും പ്ലാസ്റ്റിക് മുക്തമാക്കൽ ജൈവകൃഷിത്തോട്ടം വിപുലീകരിക്കൽ വേസ്റ്റ് പേപ്പർ ഉപയോഗിച്ച് കൊണ്ടുള്ള ഡസ്റ്റുബിൻ നിർമ്മാണം (എല്ലാ ക്ലാസ്സുകളിലേക്കും)<br>• ഉപയോഗശൂന്യമായ പ്ലാസ്റ്റിക് പേന ശേഖരിക്കുന്നതിന് പെൻബോക്സ് സ്ഥാപിക്കുകയും അതുപയോഗിച്ച് കലാരൂപങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക<br>• ഈ വേസ്റ്റ് ശേഖരിച്ച് കളക്ഷൻ സെന്ററിൽ ഏൽപ്പിക്കുക. | വർഷം മുഴുവനും | ഹരിത ക്ലബ് | പി.റ്റി.എ | |
| ഗാന്ധിജിയുടെ മൂല്യങ്ങൾ കുട്ടികളിൽ എത്തുക | ഗാന്ധി ദർശൻ പ്രവർത്തനങ്ങൾ | • ഭക്ഷണപ്പൊതി വിതരണം ചെയ്യൽ കുട്ടികൾ ഉപയോഗിക്കാത്ത തുണികൾ, പഠനോപകരണങ്ങൾ ഇവ ശേഖരിച്ച് ആവശ്യക്കാർക്ക് എത്തിക്കുക, മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കൂന്നതിന് പര്യാപ്തമായ ക്ലാസ്സുകൾ സംഘടിപ്പിക്കുക. | വർഷം മുഴുവനും | ഗാന്ധി ദർശൻ ക്ലബ് | പി.റ്റി.എ | സ്കൂൾ തലവും സബ് ജില്ലാ തലവും |

**സാമൂഹ്യശാസ്ത്രം**

**ലക്ഷ്യങ്ങൾ**

- സാമൂഹ്യ പ്രതിബദ്ധത തിരിച്ചറിഞ്ഞ് ഉത്തരവാദിത്വം ഏറ്റെടുത്ത് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ സാമൂഹ്യ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക
- സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുക
- ഭൂപടനിർമ്മാണം പ്രോത്സാഹിപ്പിക്കുക
- പ്രാദേശിക ചരിത്രരചന, ചരിത്രപ്രാധാന്യമുള്ള പ്രദേശങ്ങളുടെ സന്ദർശനം

പ്രവർത്തനങ്ങൾ

- സ്കൂൾ ജനാധിപത്യവേദി ശക്തിപ്പെടുത്തൽ തെരെഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടൽ
- വ്യത്യസ്ത ദിനാചരണങ്ങൾ
- പഠനയാത്രകൾ, ജനപ്രതിനിധികളുമായുള്ള സംഭാഷണം
- പത്രവാർത്തകൾ അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ
- സമൂഹ ശാസ്ത്രപഠനത്തിൽ ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ
- പഠനോപാധികളുടെ നിർമ്മാണം
- സാമൂഹ്യ ശാസ്ത്രക്ലബ്ബ് തല പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | പ്രക്രിയ | കാലയളവ് | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ജനാധിപത്യ ജീവിതസംസ്കാരം വളർത്തിയെടുക്കുക | സ്കൂൾ പാർലമെന്റ് ഇലക്ഷൻ | സ്കൂൾ പാർലമെന്റ് തെരെഞ്ഞടുപ്പ് പ്രക്രിയ പരിചയപ്പെടൽ, മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | ഒരു മാസം | അദ്ധ്യാപകർ | പിറ്റിഎ | |
| ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുക | വിവിധ പ്രവർത്തനങ്ങളിലുള്ള ഫങ്കാളിത്തം | വിവിധ ക്ലാസ്സുതല പ്രവർത്തനങ്ങളിൽ കൂടുതൽ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിലേയ്ക്കായി ജോലി വിഭജിച്ചു നൽകൽ ഉത്തരവാദിത്വം മനസ്സിലാക്കുന്നതിനുതകുന്ന സ്കിറ്റുകളുടെ അവതരണം | വർഷം മുഴുവൻ | അദ്ധ്യാപകർ | പിറ്റിഎ | |
| സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരങ്ങൾ സംഘടിപ്പിക്കൽ | ദിനാചരണങ്ങൾ | റാലി സംഘടിപ്പിക്കൽ, പ്ലക്കാർഡ് നിർമ്മാണം, ചരിത്ര ക്വിസ്, ചിത്രരചന മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുക | വർഷം മുഴുവൻ | അദ്ധ്യാപകർ | പിറ്റിഎ | |
| പ്രാദേശിക ചരിത്ര രചന നടത്തൽ | പ്രാദേശിക ചരിത്രരചന | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുക പ്രാദേശിക ചരിത്രരചന നടത്തുക ചരിത്ര അറിവുകൾ പങ്കിടുക. | 3 മാസം | അദ്ധ്യാപകർ | പിറ്റിഎ | |
| ഐസിറ്റി സാധ്യത പ്രയോജനപ്പെടുത്തൽ | ഐസിറ്റി സാധ്യത | ഭൂപട പഠനത്തിൽ ഐസിറ്റി സാധ്യത | വർഷം മുഴുവൻ | അദ്ധ്യാപകർ | പിറ്റിഎ | |

| | | | | | | |
|---|---|---|---|---|---|---|
| | | പ്രയോജനപ്പെടുത്തൽ<br>വിവിധ സ്ഥലങ്ങൾ<br>വ്യക്തികൾ എന്നിവ<br>മനസ്സിലാക്കുന്നതിൽ<br>ഐസിറ്റി<br>പ്രയോജനപ്പെടുത്തൽ | | | | |
| സാമൂഹ്യ ശാസ്ത്ര ക്ലാസ്സ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | സാമൂഹ്യശാസ്ത്ര ക്ലബ്ബ് മാസത്തിൽ ഒരിക്കലെങ്കിലും കൂടുക. പത്രവായന അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ സംഘടിപ്പിക്കുക. സാമൂഹ്യശാസ്ത്ര മേളകളിലെ മത്സര ഇനങ്ങളിൽ പങ്കെടുപ്പിക്കുക | വർഷം മുഴുവൻ | അദ്ധ്യാപകർ | പിറ്റിഎ | |

**ഗണിതം**

**ലക്ഷ്യങ്ങൾ**

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക.
- ഗണിതപഠനം ലളിതമാക്കുക.
- ഗണിതശാസ്ത്രത്തിന്റെ പ്രവർത്തനം ശാക്തീകരിക്കുക.

**പ്രവർത്തനങ്ങൾ**

- ICT സാധ്യത ഉപയോഗപ്പെടുത്തി ഗണിതപഠനം എളുപ്പമാക്കുക.
- ഗണിതചിന്ത പ്രയോജനപ്പെടുത്തുന്നതിനുള്ള ലഘുപ്രോജക്ടുകൾ തയ്യാറാക്കുക.
- ഗണിതം രസകരമാക്കുന്നതിന് വേണ്ടി ഗണിത ഒപ്പന, ഗണിത നൃത്തം, ഗണിത സ്കിറ്റുകൾ എന്നിവ പരിശീലിപ്പിക്കുക.
- ഗണിത പഠനത്തിനാവശ്യമായ കളികൾ ശീലിക്കുക.
- ഗണിതവുമായി ബന്ധപ്പെട്ട വിവിധ മോഡലുകൾനിർമ്മിക്കുന്നതിൽ പരിശീലനം നൽകുക.
- ഗണിത മാഗസിൻ നിർമ്മാണം
- ഗണിത ശാസ്ത്രമേളകളിൽ കുട്ടികൾക്ക് പരിശീലനം നൽകുക.
- ഗണിത ലാബ് പഠനത്തിൽ ഉപയോഗപ്രദമാക്കുക
- ഗണിത ചോദ്യാവലി(ചോദ്യബാങ്ക്) നിർമ്മാണം
- ആഴ്ചയിൽ ഒരുദിവസം ഗണിതക്വിസ് സംഘടിപ്പിക്കുക.
- ഗണിത ദിനാചരണങ്ങൾ ആഘോഷിക്കുക.
- ഗണിതോത്സവം സംഘടിപ്പിക്കുക.
- പണമിടപാടുകൾ മനസ്സിലാക്കി കൊടുക്കുന്നതിന് കുട്ടിക്കട സ്ഥാപിക്കുക.

| ലക്ഷ്യം | പ്രവർത്തനം | പ്രക്രിയ | കാലയളവ് | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കൽ | മഞ്ചാടി പദ്ധതി | സംഖ്യാകാർഡുകൾ നിർമ്മാണം ഗണിതകളികൾ എഞ്ചുവടി പഠനം ഗണിത ചാർട്ടുകൾ ഗണിത രൂപങ്ങൾ ICT സാധ്യത | 3മാസം | ഗണിത അധ്യാപകർ | PTA | |
| ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക | ഗണിത ശേഷികൾ ആസ്വദിച്ച് അറിയിക്കാനുള്ള അന്തരീക്ഷം ഒരുക്കുക. | കുടുംബ ബജറ്റ് തയ്യാറാക്കൽ പണമിടപാടുമായി ബന്ധപ്പെട്ട് വിദ്യാലയത്തിൽ ഒരു കുട്ടിക്കട സ്ഥാപിക്കൽ | | | | |
| ഗണിതലാബ് പഠനത്തിൽ പ്രയോജനപ്പെടുത്തുക | ഗണിത ലാബ് | ഗണതോപകരണങ്ങൾ പരിചയപ്പെടൽ, ഗണിതോപകരണനിർമ്മാണം | 6മാസം | അധ്യാപകർ | PTA | |
| ഗണിതക്ലബിന്റെ പ്രവർത്തനം ശാക്തീകരിക്കുക | ഗണിതക്ലബ് | ആഴ്ചയിൽ ഒരു ദിവസം ഗണിതയബ് ചേരുക. ഗണിത തയബിന്റെ നേതൃത്വത്തിൽ ക്വിസ്, ഗണിത മേളയ്ക്ക് ആവശ്യമായ പ്രാക്ടീസ് നൽകുക. ഗണിതമാഗസിൻ നിർമ്മാണം | വർഷം മുഴുവൻ | അധ്യാപകർ | PTA | |
| ഗണന ചിന്താശേഷി വികസിപ്പിക്കുക | ലഘുപ്രോജക്ടുകൾ | ലഘുപ്രോജക്ടുകളുടെ സാധ്യതകൾ കണ്ടെത്തി അവ പൂർത്തിയാക്കി പ്രശ്നം | | അധ്യാപകർ | | അധ്യാപകർ, രക്ഷിതാക്കൾ |

| | | | | | | |
|---|---|---|---|---|---|---|
| | | നിർധാരണം ചെയ്യുക, പൊതുവായ ഒരു നിഗമത്തിൽ എത്തിച്ചേരുക. | | | | |
| ഗണിതോത്സവം സംഘടിപ്പിക്കുക | ഗണിതവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഉൽപ്പന്നങ്ങൾ ഒരുമിച്ച് ചേർത്ത് പ്രദർശനം സംഘടിപ്പിക്കുക. | ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴുണ്ടാകുന്ന ഉൽപ്പന്നങ്ങൾ ക്രമമായി ശേഖരിച്ച് അവയിലെ ഗണിതഭാഷ, ഗണന ചിന്ത എന്നിവ അവതരിപ്പിക്കുക. | | അധ്യാപകർ വിദ്യാർഥികൾ | PTA | സമൂഹം |




# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 26

